"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - സി.സി-61/2008 നമ്പർ വിജിലൻസ് കേസിൽ കോട്ടയം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് ശിക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടപ്പെടുകയും തുടർന്ന് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുള്ളതുമായ ശ്രീ.ഇ.എസ്.നിസാമിന്റെ വേലവിലക്ക് കാലയളവും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിരുന്ന കാലയളവും ക്രമീകരിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.431/2026/TAXES തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:-

1. സി.സി-61/2008 നമ്പർ വിജിലൻസ് കേസിൽ കോട്ടയം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിന്റെ 11.04.2014-ലെ വിധിന്യായം
2. 24.06.2015-ലെ സ.ഉ.(സാധാ) നം.454/2015/നി.വ
3. CRL.A.No.428/2014 നമ്പർ കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ 31.07.2023-ലെ വിധിന്യായം.
4. 27.08.2025-ലെ സ.ഉ.(സാധാ) നം.788/2025/നികുതി
5. ശ്രീ.ഇ.എസ്.നിസാം 11.11.2025-ൽ സമർപ്പിച്ച അപേക്ഷ
6. എക്സൈസ് കമ്മീഷണറുടെ 04.12.2025, 08.05.2026 തീയതികളിലെ EXC/4041/2023-XE5 നമ്പർ കത്തുകൾ

**ഉത്തരവ്**

CC-61/2008 നമ്പർ വിജിലൻസ് കേസിൽ കോട്ടയം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് പരാമർശം (1) പ്രകാരം ശിക്ഷിച്ചതിനെ തുടർന്ന് പ്രിവന്റീവ് ഓഫീസർ ശ്രീ.ഇ.എസ്.നിസാമിനെ പരാമർശം (2) പ്രകാരം സർവീസിൽ നിന്നും പിരിച്ചുവിട്ടിരുന്നു. ടി കോടതി ഉത്തരവിനെതിരെ ടിയാൻ ഫയൽ ചെയ്ത അപ്പീൽ കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ

പരാമർശം (3) വിധിന്യായപ്രകാരം ടിയാനെ കുറ്റവിമുക്തനാക്കുകയുണ്ടായി. തുടർന്ന് പരാമർശം (4) പ്രകാരം ടിയാനെ സർവീസിൽ തിരിച്ചെടുത്തു കൊണ്ട് ഉത്തരവായിരുന്നു.

2) മേൽ സാഹചര്യത്തിൽ **03.06.2004** മുതൽ **22.03.2005** വരെയുള്ള ടിയാന്റെ വേലവിലക്ക് കാലവും ടിയാനെ സർവീസിൽ നിന്ന് പിരിച്ചുവിട്ട **24.06.2015** മുതൽ **13.09.2025** വരെയുള്ള കാലവും ഡ്യൂട്ടി ആയി പരിഗണിച്ച് ക്രമവൽക്കരിക്കുന്നതിനും ടി കാലയളവിൽ ടിയാന് ലഭിക്കേണ്ടിയിരുന്ന ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.ഇ.എസ്.നിസാം പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം എക്സൈസ് കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ഇ.എസ്. നിസാമിന്റെ **03-06-2004 മുതൽ 28-02-2005** വരെയുള്ള സസ്പെൻഷൻ കാലയളവും, **24-06-2015 മുതൽ 26-08-2025** വരെയുള്ള സർവ്വീസിൽ നിന്നും പിരിച്ച് വിട്ടിരുന്ന കാലയളവും ടിയാൻ സേവനത്തിലായിരുന്നുവെങ്കിൽ ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങൾ സഹിതം (സസ്പെൻഷൻ കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ച ശേഷം) ഡ്യൂട്ടിയായും, **01-03-2005, 27-08-2025** എന്നീ തീയതികൾ മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേളകൾ **KSR's Part I Rule-56B(9) Note-2** പ്രകാരം പ്രവേശന കാലമായോ **(KSR's Part I Rule-127** പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ് - ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6 ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) (തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയ്ക്ക് തൊട്ടുമുൻപ് പ്രവേശന കാലയളവ് ചേർക്കേണ്ടതാണ്) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.ഇ.എസ്.നിസാം, എക്സൈസ് പ്രിവന്റീവ് ഓഫീസർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), കേരളം, തിരുവനനന്തപുരം.
4. ധനകാര്യ വകുപ്പ് (26.01.2026-ലെ EXP-B1/679/2025-FIN പ്രകാരം)
5. വിജിലൻസ് വകുപ്പ്
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/82/2023-നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 16-05-2026 11:14:46